കഴിഞ്ഞ വർഷം ലുലു മാളിൽ നടന്ന റെഡ് എഫ് എമ്മിന്റെ ഒരവാർഡ് ദാനച്ചടങ്ങ്. മലയാളത്തിന്റെ വാനമ്പാടി ചിത്രയാണ് മുഖ്യാതിഥി. ചടങ്ങിന്റെ മുന്നോടിയായി ഒരു പറ്റം ചെറുപ്പക്കാരുടെ ബാൻഡ് അവതരിപ്പിക്കുന്ന സംഗീത പരിപാടി. പരിപാടി ചിത്രയ്ക്ക് ഏറെ ഇഷ്ടമായി. നരൻ എന്ന ചിത്രത്തിലെ ചിത്ര തന്നെ പാടിയ "ഓമൽ കൺമണി ഇതിലെ വാ..." എന്ന ഗാനം ആലപിച്ച യുവാവിനെ ചിത്ര പ്രത്യേകം അഭിനന്ദിച്ചു.

ഇന്നത്തെ ദളമായി അവതരിപ്പിക്കാൻ വിളിച്ച വേളയിൽ ആ യുവാവിനോട് തന്റെ പാട്ടോർമ്മകളെ കുറിച്ച് ചോദിച്ചപ്പോൾ അടുത്തിടെ അന്തരിച്ച മലയാളത്തിന്റെ പ്രിയ ഭാവഗായകന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പങ്കുവെച്ചത് 2018ലെ ഒരു സംഭവമാണ്. തിരുവനന്തപുരം നിശാഗന്ധിയിൽ നടന്ന ഒരു ചടങ്ങിൽ ജയചന്ദ്രന്റെ ഒരു പരിചയക്കാരനൊപ്പം അദ്ദേഹത്തെ കാണാനും പരിചയപ്പെടാനും ചെന്നതും കുറേനേരം സംസാരിച്ചിരിക്കാൻ കഴിഞ്ഞതും ഒരു പാട്ടു പാടാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശത്തെ തുടർന്ന് "നീയൊരു പുഴയായി...." എന്ന അദ്ദേഹത്തിന്റെ തന്നെ ഗാനം പാടി കേൾപ്പിക്കാനും ലഭിച്ച അസുലഭ നിമിഷത്തെ കുറിച്ചാണ് ആ ഗായകൻ പറഞ്ഞത്. ആ ഗായകനാണ് ഇന്നത്തെ ദളം.

അരവിന്ദ് മോഹൻ എസ്
സൗത്ത് ഇന്ത്യൻ ബാങ്ക്
വെഞ്ഞാറമ്മൂട് ശാഖ
തിരുവനന്തപുരം.

തിരുവനന്തപുരം സർവീസ് സഹകരണ ബാങ്കിൽ ജീവനക്കാരനായിരുന്ന മോഹൻകുമാറിന്റെയും തിരുവനന്തപുരം വികാസ്ഭവനിൽ ജലസേചന വകുപ്പിൽ ജീവനക്കാരിയായിരുന്ന ശശികലയുടെയും രണ്ട് മക്കളിൽ ഇളയ ആളാണ് അരവിന്ദ്. മൂത്ത സഹോദരി അശ്വതി തിരുവനന്തപുരം സർവീസ് സഹകരണ ബാങ്കിൽ ജീവനക്കാരിയാണ്.

അരവിന്ദിന്റെ സ്കൂൾ വിദ്യാഭ്യാസം വഴുതക്കാട് ചിന്മയവിദ്യാലയത്തിൽ ആയിരുന്നു. സ്കൂൾ കാലഘട്ടത്തിൽ ലളിതസംഗീതം, ശാസ്ത്രീയസംഗീതം എന്നീ ഇനങ്ങളിൽ സ്ഥിരം മത്സരാർത്ഥിയായിരുന്നു അരവിന്ദ്. സംഘഗാനം, നാടൻപാട്ട്, ദേശഭക്തിഗാനം തുടങ്ങിയ ഗ്രൂപ്പിനങ്ങളിലും എപ്പോഴും തന്റെ പങ്കാളിത്തം ഉറപ്പാക്കിയിരുന്നു.
രണ്ടുതവണ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലളിത സംഗീത മത്സരത്തിൽ വിജയിയായിരുന്നു. ഒപ്പം ശാസ്ത്രീയ സംഗീത മത്സരത്തിൽ എ ഗ്രേഡും.

അരവിന്ദിന് പാടാനുള്ള കഴിവുണ്ടെന്ന് കണ്ടെത്തിയതും പാട്ട് പഠിക്കാൻ പ്രോത്സാഹനം നൽകിയതും പ്രധാനമായും അമ്മയായിരുന്നു. വീടിനടുത്ത് ഒരു സംഗീത വിദ്യാലയം നടത്തിയിരുന്ന അജിതകുമാരി ടീച്ചറിന്റെ അടുത്ത് അരവിന്ദ് സംഗീതപഠനം തുടങ്ങുന്നത് പത്താം വയസ്സിലാണ്.

പ്ലസ്ടുവിന് ശേഷം പാപ്പനംകോട് ശ്രീ ചിത്ര തിരുനാൾ എഞ്ചിനീയറിങ്

കോളേജിൽ ഉന്നത വിദ്യാഭ്യാസം തേടിയെത്തിയ അരവിന്ദിന് പുതിയ പുതിയ അവസരങ്ങളാണ് അവിടെ തുറന്നു കിട്ടിയത്. കോളേജിലെ മത്സരങ്ങൾക്ക് പുറമേ ഇന്റർ കൊളീജിയേറ്റ് മത്സരങ്ങളിലും തന്റെ കഴിവ് തെളിയിക്കാൻ അരവിന്ദിന് കഴിഞ്ഞു. കോളേജിൽ ലളിത സംഗീതത്തിനും ശാസ്ത്രീയ സംഗീതത്തിനും ഒക്കെ ധാരാളം സമ്മാനങ്ങൾ നേടിയിട്ടുള്ള അരവിന്ദ് ഒരു വർഷം കേരള സർവകലാശാല യുവജനോത്സവത്തിൽ ലളിത സംഗീതത്തിന് രണ്ടാം സമ്മാനം കരസ്ഥമാക്കി.

കോളേജിൽ സഹപാഠികളുമായി ചേർന്നുണ്ടാക്കിയ ബാൻഡ് ഏറെ ശ്രദ്ധ നേടിയ ഒന്നായിരുന്നു. അത് വഴി കപ്പ ടിവി യിൽ പരിപാടി അവതരിപ്പിക്കാനും യു ട്യൂബിൽ കവർ സോങ്ങ് അവതരിപ്പിക്കാനും ഒക്കെ അവസരങ്ങൾ ഉണ്ടായി എന്നത് സന്തോഷമുള്ള ഓർമകളാണ്.

2018ൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അരവിന്ദ് കുറച്ചുകാലം ബൈജൂസ് ആപ്പിൽ ജോലി നോക്കി. കോവിഡ് കാലഘട്ടത്തിൽ ഓൺലൈനായി ജോലി തുടരുകയും ഒപ്പം ബാങ്ക് കോച്ചിങ്ങിന് തയ്യാറെടുക്കുകയും ചെയ്ത അരവിന്ദ് 2022 ൽ സൗത്ത് ഇന്ത്യൻ ബാങ്കിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.ആദ്യനിയമനം തൃക്കാക്കര ശാഖയിൽ ആയിരുന്നു. പ്രൊബേഷൻ കഴിഞ്ഞുള്ള നിയമനം ഹെഡ് ഓഫീസിൽ. അതും ഒരോണാഘോഷനാളിൽ. അന്ന് ബാങ്കിന്റെ ചെയർമാനും എച്ച് ആർ ഡി ചീഫ് ജനറൽ മാനേജറും പങ്കെടുത്ത വേദിയിൽ പാടാനായത് വലിയ ഭാഗ്യമായി എന്ന് അരവിന്ദ്. അവിടെ ജോലി ചെയ്യുമ്പോൾ നമ്മുടെ ടി ബി താരങ്ങളായ ജാക്സൺ, അമൽ വിനോദ് സണ്ണി തുടങ്ങിയവരുമായുള്ള സൗഹൃദം തന്റെ സംഗീതത്തെ പരിപോഷിപ്പിക്കുന്നതിന് ഏറെ സഹായകമായി എന്നാണ് അരവിന്ദിന്റെ പക്ഷം.

2023ൽ അരവിന്ദിന് തിരുവനന്തപുരം ശാസ്തമംഗലം ശാഖയിലേക്കും 2024ൽ ഇന്ന് ജോലിചെയ്യുന്ന വെഞ്ഞാറമൂട് ശാഖയിലേക്കും സ്ഥലംമാറ്റം ലഭിച്ചു. തിരുവനന്തപുരത്ത് എത്തിയതോടെ സംഗീതപഠനം കുറേക്കൂടി ഗൗരവമായി. പ്ലസ് ടു കാലം മുതൽ തന്റെ ഗുരുവായി തെരഞ്ഞെടുത്ത പ്രശസ്ത സംഗീതജ്ഞനും ആകാശവാണി എ ഗ്രേഡ് ആർട്ടിസ്റ്റും സിനിമാസംഗീത സംവിധായകനുമായ ഡോക്ടർ വാഴമുട്ടം ബി ചന്ദ്രബാബുവിൽ നിന്നും സംഗീത പഠനം തുടരുന്നതിന് അത് ഏറെ സഹായകമായി. അദ്ദേഹം നൽകുന്ന പ്രോത്സാഹനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അരവിന്ദിന്റെ വാക്കുകളിൽ സ്നേഹവും ബഹുമാനവും നിറഞ്ഞു. തന്നിലെ ഗായകനെ തേച്ചുമിനുക്കിയ ആ ഗുരുവിനെക്കുറിച്ച് പറയുമ്പോൾ അരവിന്ദിന്റെ വാക്കുകൾ ഇടറി.

2018 മുതൽ സ്ഥിരമായി ഗുരുവായൂർ ചെമ്പൈ സംഗീതോത്സവത്തിൽ പങ്കെടുത്ത് പാടാൻ കഴിയുന്നത് ഗുരുവായൂരപ്പന്റെ വലിയൊരു അനുഗ്രഹമായാണ് അരവിന്ദ് കാണുന്നത്.

ചില സുഹൃത്തുക്കൾ പറഞ്ഞു കേട്ടാണ് അരവിന്ദ് ടിബിയെ കുറിച്ച് അറിയുന്നതും അതിൽ ചേരുന്നതും. ടിബിയിൽ പോസ്റ്റ് ചെയ്ത

ആദ്യഗാനത്തിന് ലഭിച്ച നിറഞ്ഞ പ്രോത്സാഹനത്തെ ക്കുറിച്ച് പറയുമ്പോൾ അരവിന്ദ് തരളിതനായി.

2024ൽ ജീവിത പങ്കാളിയായി തീർന്ന തിരുവനന്തപുരം ടെക്നോപാർക്കിലെ ജീവനക്കാരി അശ്വതിക്കും മാതാപിതാക്കൾക്കും ഒപ്പം തിരുവനന്തപുരം ആറ്റുകാലിനടുത്താണ് അരവിന്ദ് താമസിക്കുന്നത്.
ബാങ്കിംഗ് ജീവിതവും സംഗീതവും ഒരുമിച്ച് കൊണ്ടുപോകാനാണ് അരവിന്ദിന്റെ ആഗ്രഹം. ഇത് പറയുമ്പോഴും ഉള്ളിൽ തന്റെ പ്രിയപ്പെട്ട രാഗമായ ആഭേരി അരവിന്ദ് മൂളുന്നുണ്ടായിരുന്നു.

ധാരാളം സംഗീത പരിപാടികളും പിന്നണിഗാനങ്ങളുമായി അരവിന്ദിന്റെ ജീവിതം സംഗീത സുരഭിലമാകട്ടെ എന്ന് ടിബി കുടുംബം ആശംസിക്കുന്നു.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

---------------------------------------------------------------------------------------------------

The yesteryear witnessed an award ceremony organized by Red FM in Lulu Mall. The occasion was graced by the presence of the guest of honor , Chithra, the nightingale of Malayalam music. As a prelude to the event, an ensemble of young artists presented a musical performance which deeply moved her and she lauded the singer who rendered 'Omal kanmani ithile vaa'- a mellifluous composition from the film Naran.

When we reached out to the artist to gather his details for presenting through this column, he was queried about his musical reminiscences. In a heartfelt homage to the recently departed maestro of Malayalam music; the very embodiment of vocal expressions -Shri Jayachandran, the talented banker reflected on a serendipitous encounter with him along with one of his acquaintances in 2018 at an event held at Nishagandhi auditorium in Thiruvananthapuram. He still cherishes that moment when he rendered the song 'Neeyoru Puzhayai' originally sung by Shri Jayachandran himself.

This week, let's acquaint you with,

Aravind Mohan S
South Indian Bank
Venjaramoodu branch.
Thiruvananthapuram.

Aravind is the younger son of Mr Mohankumar who was an employee of Service Cooperative Bank, Trivandrum and Mrs Sasikala, who worked in irrigation Department at Vikas Bhavan. Her elder sister,Aswathi is also working at Service cooperative bank.

Aravind had his formative years of education at Chinmaya Vidyalaya, Vazhuthacaud, where his predilection for both light and classical music emerged. Aravind used to participate in Light music and Classical music competitions consistently and also in group song, folk song and patriotic song competitions. He emerged triumphant earning first prize in light music twice, at the youth festival at state level while while securing an 'A' grade in classical music.

His mom was pivotal in tracing his talent and in nurturing his musical inclinations. Aravind, at the age of ten started getting trained in music under the tutelage of Ms Ajithakumari, who was running a music school near his home.

Sree Chitra Thirunal College of Engineering, Pappanamcode, led the way to myriad opportunities to showcase his talent. His accolades encompassed victories in collegiate contests and laurels at intercollegiate festivals, including second prize for light music at the Kerala University Youth Festival. A band formed along with his batchmates at college garnered considerable acclaim,paving the way for an opportunities to perform in Kappa TV and presenting cover song in Youtube.

Upon completion of his collegiate education in 2018, Aravind served at Byju's, doing his work online for a short stint during the times of covid pandemic while simultaneously preparing for bank exams. His endeavours bore fruit in 2022 when he was appointed in South Indian Bank, with his initial posting at the Thrikkakara branch of the bank. He got posted to head office post probation period which coincided with Onam festivities. He got opportunity to perform in the presence of the chairman of the bank and Chief General Manager-HR.

The camaraderie he shared with Jackson and Amal Vinod Sunny fostered his talent.

His subsequent transfers led him to Sasthamangalam branch in 2023 and, eventually, to Venjaramoodu branch where he has, been working since 2024.His posting to Trivandrum invigorated his devotion to music. It helped him to continue learning music under the tutelage of Dr. Vazhamuttam B. Chandrababu, a distinguished All India Radio artist and music composer. Aravind's voice, quivered with reverence, when he shared how his mentor influenced him in fine tuning his skills.

Since 2018, Aravind has been performing at the Guruvayur Chembai Sangeetholsavam, which he perceives as a blessing bestowed upon him by Lord Guruvayurappan.

His introduction to the TB community was through his friends and the approbation he received from his debut performance fortified his artistic endeavours.

In 2024, Aswathy, who is working with Technopark, Trivandrum became Aravind's life partner. They reside near Attukal along with his parents.

Aravind wants to continue his musical pursuits along with his banking profession. His favourite raga Abheri was lingering in his mind when he shared his wish.

TB family extends wishes to Aravind to achieve greater heights in life. May his life be enriched with blissful and exuberant musical pursuits.